**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2542** **27-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ആർ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി പ്രീ-പെയ്മെന്റ് സംവിധാനത്തോടുകൂടിയുള്ള സ്മാർട്ട് മീറ്റർ ഘട്ടം ഘട്ടമായി സ്ഥാപിക്കുന്നതിനുള്ള തീരുമാനം കെ.എസ്.ഇ.ബി.എൽ. എടുത്തിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 37 ലക്ഷം സ്മാർട്ട് മീറ്ററുകൾ, സ്ഥാപിക്കുവാനാണ് KSEBL ലക്ഷ്യമിടുന്നത്. ഇതിൽ ഫീഡർ, ബോർഡർ, ട്രാൻസ്ഫോർമർ, മീറ്ററുകൾ, എല്ലാ ഹൈടെൻഷൻ ഉപഭോക്താക്കൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവ കൂടാതെ വരുമാനം കൂടിയ 14 ഇലക്ട്രിക്കൽ ഡിവിഷനുകളിലെ (തിരുവനന്തപുരം, കഴക്കൂട്ടം, പള്ളം, എറണാകുളം, തൃപ്പൂണ്ണിത്തുറ, ആലുവ, മൂവാറ്റുപുഴ, പെരുമ്പാവൂർ, പാലക്കാട്, തിരൂരങ്ങാടി, ഫെറോക്ക്, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ്) എല്ലാ ഉപഭോക്താക്കളും ഉൾപ്പെടുന്നു. |
| (ബി) | സ്മാർട്ട് മീറ്റർ സ്ഥാപിച്ചാൽ ഉപഭോക്താക്കൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടു കൂടി ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗ രീതി , സമയം എന്നിവ ലഭ്യമാകുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗ ക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. ഉപഭോക്താക്കൾക്ക് വൈദ്യുതിയുടെ ആവശ്യകത മുൻകൂർ ആയി ആസൂത്രണം ചെയ്യാൻ സാധിക്കുന്നതാണ്. ഇപ്പോൾ മാസത്തിൽ ഒരിക്കലോ രണ്ടു മാസത്തിൽ ഒരിക്കലോ റീഡിങ് എടുത്ത് കണക്കാക്കുന്ന ഉപഭോക്താക്കളുടെ ബില്ലിംഗ്, മുൻകൂർ പണമടച്ച് , ഉപഭോക്താക്കളുടെ സൗകര്യ പ്രകാരം മാറ്റാം. വൈദ്യുതി തടസ്സങ്ങൾ തൽസമയം തന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ സാധിക്കുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ വേഗം കൈക്കൊള്ളാൻ കെ.എസ്.ഇ.ബി.എൽ-ന് കഴിയും. ഇപ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടു കൂടി വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത |

| | | | |
|---|---|---|---|
| | | | ഉറപ്പു വരുത്തി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നതാണ് . Peak Load Power Management ഉം ഫലപ്രദമായി നടത്താൻ കഴിയുന്നതു കൊണ്ട് പവർ പർച്ചേസ് കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കും. റവന്യൂ മുൻകൂർ ലഭിക്കുന്നതിനും, മീറ്ററിംഗ് , ബില്ലിംഗ് ക്രമങ്ങളിലുള്ള വിവിധയിനം ചെലവുകൾ കുറയ്ക്കുന്നതിനും, കിട്ടാക്കടം ഒഴിവാക്കുന്നതിനും സാധിക്കും. ഇത്തരത്തിൽ ലാഭിക്കുന്ന ചെലവുകളുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് താരിഫിനത്തിൽ ലഭ്യമാക്കാം. |
| (സി) | സ്മാർട്ട് മീറ്റർ സ്ഥാപിച്ചാൽ കെ.എസ്.ഇ.ബി. യിലെ മീറ്റർ റീഡർ തസ്തിക ഇല്ലാതാവുമോ? | (സി) | ആർ.ഡി.എസ്.എസ് പദ്ധതിയുടെ ഭാഗമായി സ്മാർട്ട് മീറ്റർ സ്ഥാപിച്ചു കഴിഞ്ഞാൽ മീറ്റർ റീഡിംഗും മറ്റു വിവരങ്ങളും ഒരു കേന്ദ്രീകൃത സംവിധാനത്തിൽ ലഭ്യമാകുന്നതാണ്. മീറ്റർ റീഡർമാർ നേരിട്ട് വീടുകളിൽ പോകേണ്ടതില്ല. |

സെക്ഷൻ ഓഫീസർ